# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**


16-01-2026

## പ്രസിദ്ധീകരണത്തിന്

## 1. പി. എച്ച്. ഡി നേടി

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും ഷമീല ഷാജി (ഹിന്ദി), ശരത് ടി. ആർ. (സംസ്കൃതം സാഹിത്യം), രഞ്ജിത് ആർ. പിള്ള (ജ്യോഗ്രഫി), രശ്മി കെ. എസ്. (ഇംഗ്ലീഷ്), സന്ധ്യ സുരേഷ് (ഇംഗ്ലീഷ്), ദേവിക പി. (സംസ്കൃതം സാഹിത്യം), ദിപിൻ രാജ് കെ. പി. (മലയാളം) എന്നിവർക്ക് പി.എച്ച്.ഡി നൽകുവാൻ തീരുമാനിച്ചതായി സർവ്വകലാശാല അറിയിച്ചു.

## 2. സംസ്കൃത സർവ്വകലാശാല ജേതാക്കൾ

ദേശീയ സാംസ്കാരികോത്സവത്തിന്റെ ഭാഗമായി ഫിസാറ്റ് ബിസിനസ് സ്കൂളിന്റെ നേതൃത്വത്തിൽ അങ്കമാലി മൂക്കന്നൂരിലുള്ള ഫിസാറ്റ് ഫുട്ബോൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഇന്റർകൊളേജിയറ്റ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ജേതാക്കളായി. 27 ടീമുകൾ പങ്കെടുത്ത ചാമ്പ്യൻഷിപ്പിൽ ആതിഥേയരായ ഫിസാറ്റ് ബിസിനസ് സ്കൂളിനെതിരെ ഫൈനലിൽ, രണ്ടിനെതിരെ നാല് ഗോളുകൾ നേടിയാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ചാമ്പ്യൻഷിപ്പ് നേടിയത്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് വേണ്ടി ആരോമൽ രണ്ടും, ഡോൺ മാർട്ടിൻ, വൈശാന്ത് എന്നിവർ ഓരോ ഗോളും നേടി. ചാമ്പ്യൻഷിപ്പിലെ മികച്ച താരമായി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഡോൺ മാർട്ടിനെ തെരഞ്ഞെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്:** ദേശീയ സാംസ്കാരികോത്സവത്തിന്റെ ഭാഗമായി ഫിസാറ്റ് ബിസിനസ് സ്കൂളിന്റെ നേതൃത്വത്തിൽ അങ്കമാലി മൂക്കന്നൂരിലുള്ള ഫിസാറ്റ് ഫുട്ബോൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഇന്റർകൊളേജിയറ്റ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ടീം ട്രോഫിയുമായി.


**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075